ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ
ലോക് ഭവന് എതിർ വശം, വെള്ളയമ്പലം,
കവടിയാർ പി.ഒ, തിരുവനന്തപുരം - 695003
ഫോൺ: 0471 -2315397
ഇ മെയിൽ: info@dtpcthiruvananthapuram.com
വെബ്സൈറ്റ്: www.dtpcthiruvananthapuram.com

നമ്പർ: ഡി.റ്റി.പി.സി/ജി-427/2015 തീയതി:30.10.26

ദർഘാസ്

തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിയന്ത്രണ ത്തിലുള്ള കാപ്പിൽ ബോട്ട് ക്ലബിനോട് ചേർന്ന കഫറ്റേരിയയും ടോയിലറ്റും മൂന്ന് വർഷ കാല ത്തേക്ക് പ്രവർത്തിപ്പിക്കുന്നതിനായി കരാർ നൽകുന്നതിനുള്ള ദർഘാസ്

I.തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ (ഡി.റ്റി.പി.സി) നിയന്ത്രണത്തിലുള്ള വർക്കല താലൂക്കിൽ കാപ്പിൽ ബോട്ട് ക്ലബിനോട് ചേർന്ന കഫറ്റേരി യയും ടോയിലറ്റും പ്രവർത്തനത്തിനായി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത സൗകര്യങ്ങൾ ഏറ്റവും കാര്യക്ഷമമായി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് 5 വർഷമെ ങ്കിലും പ്രവൃത്തി പരിചയമുള്ള താല്പര്യമുള്ളവരിൽ നിന്നും ടെണ്ടറുകൾ നിശ്ചിത ഫോമിൽ ക്ഷണിക്കുന്നു. ടെണ്ടർ ഫോം വില രൂപ 500/-.(നികുതിക്ക് പുറമെ) ടെണ്ടർ ഫോമുകൾ 2026 നവംബർ 2 മുതൽ നവംബർ 13 വരെ പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം 5 മണി വരെ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ വെള്ളയമ്പലം ഓഫീസിൽ നിന്നും ഓഫീസ് സമയത്ത് ലഭിക്കുന്നതാണ്. ടെണ്ടർ ഫോം ഡി.റ്റി.പി.സി.യുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത് 500/- രൂപയുടെ ഡി.റ്റി.പി.സി.യുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്ത് ടെണ്ടർ സമർപ്പിക്കാവുന്നതാണ്.

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി : 16.11.2026, 3 PM
ടെണ്ടർ തുറക്കുന്ന തീയതി : 16.11.2026, 4 PM

II **കരാർ കാലാവധി**

കരാർ കാലാവധി : ഓരോ വർഷവും സ്ഥാപനം നടത്തുന്നവരുടെ പ്രവൃത്തി തൃപ്തികരമായാൽ മാത്രമെ കരാർ പുതുക്കി നൽകുകയുള്ളു. കരാറിൽ പറയുന്ന ദിവസം മുതൽ മൂന്നുവർഷത്തേയ്ക്ക് (ഓരോ വർഷവും 10%വർദ്ധനവിൽ കരാർ പുതുക്കേണ്ടതാണ്.)

III പട്ടിക : കാപ്പിൽ ബോട്ട് ക്ലബിനോട് ചേർന്ന കഫറ്റേരിയയും ടോയിലറ്റും

DISTRICT TOURISM PROMOTION COUNCIL OFFICE OF THE DTPC THIRUVANANTHAPURAM 695 003

IV പൊതുവ്യവസ്ഥകൾ

1) ആഴ്ചയിൽ എല്ലാ ദിവസവും കഫറ്റേരിയയും ടോയിലറ്റും പ്രവർത്തിപ്പിക്കേണ്ടതാണ്.

2) യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ കരാറുകാരൻ ഏർപ്പെടുത്തേണ്ടതാണ്.

3) കഫറ്റേരിയയും പരിസരവും എല്ലാദിവസവും വൃത്തിയാക്കി ആകർഷകമായി സൂക്ഷിക്കേണ്ടതാണ്.

4) ബോട്ട് ക്ലബിനോട് ചേർന്ന കഫറ്റേരിയയുടേയും ടോയിലറ്റിന്റേയും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ മറ്റു ലൈസൻസുകൾ കരാറുകാരൻ കൃത്യ സമയത്തുതന്നെ സ്വന്തം ഉത്തരവാദിത്തത്തിൽ ലഭ്യമാക്കിയിരിക്കേണ്ടതാണ്.

5) ടെണ്ടർ നടപടികൾ നീട്ടിവയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ ഡി.റ്റി.പി.സി.സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കും.

6) കഫറ്റേരിയയും, ടോയിലറ്റും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായി ഉപയോഗിക്കുന്ന വൈദ്യുതി, വെള്ളം എന്നിവയുടെ ബില്ലുകൾ യഥാസമയം കരാറുകാരൻ ഒടുക്കേണ്ടതും രസീത് ഡി.റ്റി.പി.സി. ആഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്.

7) ടെണ്ടർ ഉറപ്പിച്ച് ഡി.റ്റി.പി.സി.യുമായി കരാറിൽ ഏർപ്പെടുന്നയാൾ ഉറപ്പിച്ച പ്രതിമാസ ടെണ്ടർ തുകയുടെ 6 മാസത്തെ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേനയോ ബാങ്ക്ഇടപാട് മുഖേനയോ (SBI Kowdiar A/C No: 57047068815 IFSC code SBIN0070020) കരാർ ദിവസം ഡി.റ്റി.പി.സി.യ്ക്ക് നൽകേണ്ടതാണ്.

8) ഏതെങ്കിലും ദേശസാൽകൃത / അംഗീകൃത ബാങ്കിൽ നിന്നും സെക്രട്ടറി, ഡി.റ്റി.പി.സി,തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 50,000/- (അൻപതിനായിരം രൂപ) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസി നോടൊപ്പം ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷം (പരമാവധി 30 ദിവസം) ലഭിച്ച വ്യക്തിയുടേത് ഒഴികെയുള്ളവരുടെ നിരത ദ്രവ്യ തുക തിരികെ നൽകുന്നതാണ്. ദർഘാസിൽ നിന്നും പിൻവാങ്ങുന്നവർക്ക് ഇ.എം.ഡി തിരികെ നൽകുന്നതല്ല.

9) മാസകരാർ തുക ഒരു വർഷമത്തെക്ക് ഒരു മിച്ചാണ് കണക്കാക്കുന്നത്. ഓരോ വർഷത്തിന്റെ ആദ്യ മാസത്തിന്റെ 10-ാം തീയതിക്കു മുൻപായി ഡി.റ്റി.പി.സിയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻഫർ ആയോ നൽകേണ്ടതാണ്.



10) ടെണ്ടർ സ്വീകരിയ്ക്കപ്പെട്ടാൽ രണ്ടാഴ്ചയ്ക്കുള്ളിൽ ഡി.റ്റി.പി.സി.യുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതും കരാർ തീയതി മുതൽ കരാറുകാരൻ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കരാർ റദ്ദുചെയ്യുന്നതിനും പുനർലേലം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഡി.റ്റി.പി.സി. യ്ക്ക് അധികാരം ഉണ്ടായിരിക്കും. ആയതിനുവേണ്ട ചെലവുകളുടെ തുക കരാറു കാരനിൽ നിന്നും ഈടാക്കുവാൻ ഡി.റ്റി.പി.സി.യ്ക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

11) കരാറുകാരൻ പ്രസ്തുത യൂണിറ്റ് മറ്റ് ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനോ ടി യൂണിറ്റോ അതിന്റെ ഏതെങ്കിലും ഭാഗമോ മറ്റൊരാൾക്കും ഒരാവശ്യത്തിനും നൽകുവാനോ പാടുള്ളതല്ല.

12) കരാറുകാരൻ ഏറ്റെടുക്കുന്ന യൂണിറ്റിന് ആവശ്യമെങ്കിൽ ഡി.റ്റി.പി.സി.യിൽ നിന്നും മുൻകൂർ അനുമതി വാങ്ങി സ്വന്തം ചെലവിൽ അറ്റകുറ്റപണികൾ നടത്താവുന്നതാണ്. ഇത്തരം പ്രവർത്തികൾ ചെയ്യുന്നതിന്റെ പേരിൽ യാതൊരു അവകാശവാദവും പിന്നീട് ഉന്നയിക്കുവാൻ പാടുള്ളതല്ല.ടി.യൂണിറ്റിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ മറ്റു പരസ്യങ്ങൾ പതിക്കുന്നതിനോ പ്രദർശിപ്പിക്കുന്നതിനോ കരാറുകാരൻ അനുവദിക്കുവാൻ പാടില്ല.

13) മുൻകൂട്ടിരേഖാമൂലം അനുമതി ലഭിക്കാതെ യൂണിറ്റിൽ ഒരുതരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളോ മറ്റുപണികളോ നടത്തുവാൻ പാടുള്ളതല്ല.

14) ദർഘാസ് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാരന് മുൻകൂട്ടി യൂണിറ്റ് പരിശോധിക്കാവുന്നതാണ്.

15) ടി യൂണിറ്റിൽ മദ്യമോ സിഗറ്റോ മറ്റ് സർക്കാർ നിരോധിത ഉൽപ്പന്നങ്ങളോ സൂക്ഷിക്കുവാനോ വിൽക്കുവാനോ പാടുള്ളതല്ല. അത് ശ്രദ്ധയിൽപെട്ടാൽ മുൻകൂർ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദാക്കുവാനുള്ള അധികാരം ഡി.റ്റി.പി.സിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

16). കാപ്പിൽ കഫറ്റേരിയയും ടോയിലറ്റും ഒഴികെയുള്ള ഒരു സ്ഥാപര ജംഗമ വസ്തുക്കളിലും കരാറുകാരന് അവകാശമോ/ അധികാരമോ ഉണ്ടായിരിക്കുന്നതല്ല.

17) കരാർ ലഭ്യമായ സ്ഥാപനം /വ്യക്തി, മറ്റു കരാർ നൽകുവാൻ പാടുള്ളതല്ല.

V <u>ടെണ്ടർ സമർപ്പിക്കേണ്ടവിധം</u>

ദർഘാസുകളിൽ പ്രതിമാസ ലീസ് തുകയാണ് രേഖപ്പെടുത്തേണ്ടത്. കവറിൽ ടെണ്ടർ തുക രേഖപ്പെടുത്തിയ അനുബന്ധം മാത്രം ഉള്ളടക്കം ചെയ്ത് സെക്രട്ടറി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, വെള്ളയമ്പലം, തിരുവനന്തപുരം. എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

സെക്രട്ടറി
ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ
തിരുവനന്തപുരം

DISTRICT TOURISM PROMOTION COUNCIL DTPC THIRUVANANTHAPURAM OFFICE OF THE

തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കാപ്പിൽ ബോട്ട് ക്ലബ്ബ് പരിസരത്തുള്ള കഫറ്റേരിയയും ടോയ്‌ലറ്റും പ്രവർത്തിപ്പിക്കുന്നതിനുള്ള ടെണ്ടർ പട്ടിക

അനുബന്ധം - 1

ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് :

മേൽവിലാസം :

ഫോൺ നമ്പർ :

മൊബൈൽ ഫോൺനമ്പർ :

ഇ-മെയിൽ വിലാസം :

ആധാർ കാർഡ് നമ്പർ :

ഒപ്പ് :

തീയതി :



തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കാപ്പിൽ ബോട്ട് ക്ലബ്ബ് പരിസരത്തുള്ള കഫറ്റേരിയയും ടോയ്‌ലറ്റും പ്രവർത്തിപ്പിക്കുന്നതിനുള്ള ടെണ്ടർ

അനുബന്ധം- II

ടെണ്ടർ തുക : രൂപ.....(ഒരുമാസം)യും ജി.എസ്.ടിയും.

ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെപേര് :

മേൽ വിലാസം :

ഒപ്പ് :

തീയതി :

DISTRICT TOURISM PROMOTION COUNCIL
DTPC
THIRUVANANTHAPURAM
695 003
OFFICE OF